കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ല- വിളപ്പിൽ ഗ്രാമപഞ്ചായത്ത്- വിളപ്പിൽശാല പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനായി വിളപ്പിൽ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ കുളം പുറമ്പോക്ക് വിട്ടുനൽകുന്നതിന് ഗ്രാമപഞ്ചായത്തിന് അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം.1212/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 27-4-2012

---

**പരാമർശം :-** 7-2-2006-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 351/06/തസ്വഭവ

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽ വില്ലേജ് ബ്ലോക്ക് 2, സർവേ 229/17-ൽപ്പെട്ട പുറമ്പോക്ക് ഭൂമിയിൽ 10 സെന്റ് സ്ഥലം പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനായി പോലീസ് വകുപ്പിന് വിട്ടുനൽകുന്നതിന് വിളപ്പിൽ ഗ്രാമപഞ്ചായത്തിന് അനുമതി നൽകിക്കൊണ്ടുള്ള പരാമർശം (1) ലെ സർക്കാർ ഉത്തരവ് ഇതിനാൽ റദ്ദുചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ. ആർ. സുരേശൻ
ഡെപ്യൂട്ടി സെക്രട്ടറി.

**To**

ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം
സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ, തദ്ദേശസ്വയംഭരണ ആഡിറ്റ് & അക്കൗണ്ട്സ്, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
സെക്രട്ടറി, വിളപ്പിൽ ഗ്രാമപഞ്ചായത്ത് , തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.